# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3432** | **23.06.2014 -ലെ മറുപടിക്ക്**

### അന്യ സംസ്ഥാന തൊഴിലാളികൾ മൂലമുള്ള ക്രമസമാധാന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഗീതാ ഗോപി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസ്സുകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; തൃശ്ശൂർ ജില്ലയിൽ ഇത്തരം എത്ര കേസ്സുകൾ നിലവിലുണ്ട്; | (എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ 817 കേസ്സുകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഇത്തരം 43 കേസ്സുകൾ നിലവിലുണ്ട്. |
| (ബി) അന്യസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കേന്ദ്രങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പോലീസ് നിരീക്ഷണം ഉണ്ടോ; ഇത്തരം കേന്ദ്രങ്ങളിൽ മയക്കമരുന്ന് - ലഹരി പദാർത്ഥങ്ങളുടെ അനധികൃത വ്യാപാരം നടക്കുന്നതായി പരാതികൾ ലഭിക്കുകയോ ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടുണ്ടോ; | (ബി) ഉണ്ട്. തിരുവനന്തപുരം സിറ്റിയിൽ കഞ്ചാവ് സൂക്ഷിച്ചതിന് ബർമ്മ സുധീർ എന്ന അന്യസംസ്ഥാന തൊഴിലാളിക്കെതിരെ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ 579/13 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) അന്യസംസ്ഥാന തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും അനധികൃത വ്യാപാരങ്ങളിൽ ഏർപ്പെടുന്നതും തടയാനും നിരീക്ഷിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (സി) അന്യസംസ്ഥാന തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും അനധികൃത വ്യാപാരങ്ങളിൽ ഏർപ്പെടുന്നതും തടയുന്നതിനായി ശക്തമായ പരിശോധനകളും മറ്റും നടത്തിവരുന്നുണ്ട്. ഇവരുടെ തൊഴിൽ |

ദാതാക്കൾക്ക് ഇവരെ സംബന്ധിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കുറ്റകൃത്യങ്ങൾ-ക്കെതിരെ കർശന നിയമ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ